# പതിമൂന്നാം കേരള നിയമസഭ

# പതിനഞ്ചാം സമ്മേളനം

ബഹുനിലകെട്ടിടങ്ങളുടെ സുരക്ഷാസംവിധാനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :3307 16.12.15- ൽ മറുപടി നൽ കേണ്ടത്

| | ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>നഗരകാര്യവുംന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി |
|---|---|---|---|
| (എ) | ബഹുനിലകെട്ടിടങ്ങൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള അഗ്നിശമന സംവിധാനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ബഹുനില കെട്ടിടങ്ങളിലെ അഗ്നിശമന സംവിധാനങ്ങളെ സംബന്ധിച്ച് നാഷണൽ ബിൽഡിംഗ് കോഡിലെ Part 4 Fire & Life Safety–യിൽ പ്രതിപാദിക്കുന്നുണ്ട്. |
| (ബി) | ഏതെല്ലാം സാഹചര്യങ്ങളിലാണ് പ്രസ്തുത കേന്ദ്ര ചട്ടങ്ങൾ ബാധകമാക്കേണ്ടതില്ലെന്ന് തീരുമാനമെടുക്കുന്നതെന്നും ഏതെല്ലാം സാഹചര്യങ്ങളിൽ ഇപ്രകാരം കേന്ദ്ര ചട്ടങ്ങൾ ഒഴിവാക്കി തീരുമാനമെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കേന്ദ്ര ചട്ടങ്ങൾ നിലവിലില്ല. |
| (സി) | ദേശീയ ബിൽഡിംഗ് കോഡ് പ്രകാരമുള്ള കേന്ദ്ര ചട്ടങ്ങൾ ബഹുനില കെട്ടിടങ്ങളുടെ സുരക്ഷാസംവിധാനത്തിന് നിർബന്ധമില്ലെന്നും സംസ്ഥാനത്ത് മുനിസിപ്പൽ ചട്ടം മാത്രം ബാധകമാക്കിയാൽ മതിയെന്നുമുള്ള നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | ഉദ്ദേശമില്ല. |

| | | | |
|---|---|---|---|
| (ഡി)<br><br><br><br><br><br>(ഇ) | ഇല്ലെങ്കിൽ അനുമതി ലഭിക്കുവാനുള്ള 77 വൻകിട കെട്ടിടങ്ങൾ സംബന്ധിച്ച് മാത്രമാണോ പ്രസ്തുത തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br>എല്ലാ വൻകിട ബഹുനില കെട്ടിടങ്ങളുടെയും സുരക്ഷാ സംവിധാനങ്ങളിൽ കേന്ദ്ര ചട്ടത്തിന് പകരം മുനിസിപ്പൽ ചട്ടമാണ് ബാധകമെന്ന നയമാണോ തുടരുകയെന്ന വ്യക്തമാക്കുമോ? | (ഡി) & (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ